ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 14.12.2024**

## പ്രധാനവാർത്തകൾ

1. ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു. വയനാട് പാക്കേജ് വിഷയത്തിൽ പാർലമെൻറ് മന്ദിരത്തിന് മുന്നിൽ കേരളത്തിലെ എംപിമാരുടെ പ്രതിഷേധം.

2. കാലാനുസൃതമായ മാറ്റങ്ങളിലൂടെ സംസ്ഥാന പൊലീസ് സേന കൂടുതൽ ജനകീയമായതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3. എസ്എസ്എസ്എൽസി, പ്ലസ് വൺ അർദ്ധ വാർഷിക പരീക്ഷാപേപ്പർ യൂട്യൂബ് ചാനൽ വഴി ചോർന്ന സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. ആഫ്രിക്കൻ പന്നിപ്പനി റിപ്പോർട്ട് ചെയ്ത കോട്ടയം കൂട്ടിക്കൽ വാഴൂർ മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം.

5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- മോഹൻ ബഗാനെ നേരിടും. സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് പോരാട്ടങ്ങൾക്ക് ഹൈദരാബാദിൽ തുടക്കം.

********************************

RNU TVPM

## ലോക്സഭ - ഭരണഘടന

രാജ്യത്ത് ഭരണഘടന അംഗീകരിച്ചതിന്റെ 75-ാംവാർഷികത്തോട് അനുബന്ധിച്ചുള്ള ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ചർച്ചക്ക് ഇന്ന് മറുപടി നൽകും. രാജ്യത്ത് ന്യൂനപക്ഷങ്ങളോട് വിവേചനമില്ലെന്നും ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് കൃത്യമായ നിയമപരിരക്ഷ ലഭിക്കുന്നുണ്ടെന്നും ചർച്ചയിൽ പങ്കെടുത്ത പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. രാജ്യസഭയിൽ ഈ മാസം 16,17 തീയതികളിൽ ഭരണഘടനയെക്കുറിച്ചുള്ള ചർച്ച നടക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച രാജ്യസഭയിൽ മറുപടി നൽകും.

******************************

## വയനാട് പാക്കേജ് - പ്രതിഷേധം

RNUTVPM

ഉരുൾപൊട്ടൽ ഏറെ നാശം വിതച്ച വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല പ്രദേശങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക കേന്ദ്ര പാക്കേജ് വൈകുന്നതിൽ കേരളത്തിൽ നിന്നുള്ള എൽ ഡി എഫ് - യു ഡി എഫ് എം പിമാർ പ്രതിഷേധിച്ചു. പാർലമെന്റിന് മന്ദിരത്തിന് മുന്നിലായിരുന്നു പ്രതിഷേധം. പ്രത്യേക പാക്കേജ് വൈകുന്നത് ഏറെ നിരാശാജനകമാണെന്ന് വയനാട് എം പി, പ്രിയങ്ക ഗാന്ധി പറഞ്ഞു. വയനാടിന്റെ ദുഖം രാജ്യം മുഴുവൻ കണ്ടതാണ്. ഇത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾക്ക് അവകാശപ്പെട്ടത് നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ലെന്നും ശ്രീമതി പ്രിയങ്ക ഗാന്ധി പറഞ്ഞു.

******************************

## കെ രാധാകൃഷ്ണൻ+ M B രാജേഷ്

കേന്ദ്ര സർക്കാർ കേരളത്തെ സഹായിക്കുന്നില്ല എന്ന് മാത്രമല്ല കേരളത്തിലെ ജനങ്ങളെ അപമാനിക്കുകയാണ് ചെയ്യുന്നതെന്ന്

കെ.രാധാകൃഷ്ണൻ.എം.പി ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. കേരളം ദുരന്തം നേരിടുന്ന സാഹചര്യത്തിൽ ആ ദുരന്ത ബാധിതരെ സഹായിക്കുന്നതിനു പകരം മുൻകാലങ്ങളിൽ ഉണ്ടായ ചിലവുകൾ ഇപ്പൊ വഹിക്കണം എന്നുള്ള നിലപാട് ആണ് കേന്ദ്രം സ്വീകരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. എല്ലാത്തരം പരിധിയും ലംഘിക്കുന്ന പ്രതികാര നിലപാടാണ് കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിക്കുന്നതെന്നും ഇതിനെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി നേരിടണമെന്നും മന്ത്രി എം ബി രാജേഷ്. കേരളത്തിൽ നിന്നുള്ള എം പി മാർ ഈ അന്യായം ചോദ്യം ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

******************************

## മുഖ്യമന്ത്രി - പാസിംഗ് ഔട്ട്... ഇൻട്രോ

RNUTVPM

കാലാനുസൃതമായ മാറ്റങ്ങളിലൂടെ സംസ്ഥാന പൊലീസ് സേന കൂടുതൽ ജനകീയമായതായി മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂരിൽ പരിശീലനം പൂർത്തിയാക്കിയ 31-എ ബാച്ച് സബ് ഇൻസ്പെക്ടമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ തന്നെ മികച്ച സേനയാണ് കേരള പോലീസ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ പോലീസിലേക്ക് കടന്നു വരുന്നത് അടുത്തിടെ കാണുന്ന സവിശേഷതയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്)

******************************

## എറണാകുളം മാർക്കറ്റ് കോംപ്ലക്സ്

കൊച്ചിയിൽ ആധുനിക നിലവാരത്തിൽ ഒരുക്കിയിരിക്കുന്ന എറണാകുളം മാർക്കറ്റ് കോംപ്ലക്സ് മുഖ്യമന്ത്രി പിണറായി വിജയൻ

ഇന്ന് ഉദ്ഘാടനം ചെയ്യും. 1.63 ഏക്കർ സ്ഥലത്ത് 4 നിലകളിലായാണ് മാർക്കറ്റ് കോംപ്ലക്സ് നിർമ്മിച്ചിരിക്കുന്നത്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ എം ബി രാജേഷ്, പി രാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. കൊച്ചി കോർപ്പറേഷനു വേണ്ടി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് ആണ് പദ്ധതി നടപ്പാക്കിയത്.

******************************

## ഐ എഫ് എഫ് കെ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ രണ്ടാം ദിനമായ ഇന്ന് 67 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന എം. മോഹൻ സംവിധാനം ചെയ്ത 'രചന', ഉത്പലേന്ദു ചക്രബർത്തി സംവിധാനം ചെയ്ത 'ചോഘ്', സെന്റിനിയൽ ട്രിബ്യൂട്ട് വിഭാഗത്തിൽ പി. ഭാസ്കരൻ സംവിധാനം ചെയ്ത 'മൂലധനം' എന്നിവ രണ്ടാം ദിനം പ്രദർശിപ്പിക്കുന്ന ശ്രദ്ധേയ ചിത്രങ്ങളാണ്. മേളയുടെ ഭാഗമായി 50 ലോക ചലച്ചിത്രാചാര്യൻമാർക്ക് ആദരമർപ്പിച്ചുള്ള 'സിനിമ ആൽക്കെമി: എ ഡിജിറ്റൽ ആർട്ട് ട്രിബ്യൂട്ട്' എക്സിബിഷനും ഇന്ന് തുടക്കമായി. ഐ.എഫ്.എഫ്.കെയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ജേതാവ് ആൻ ഹുയി പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

RNU TVPM

******************************

## മന്ത്രി വി ശിവൻകുട്ടി....... ഇൻട്രോ

എസ്.എസ്.എൽ.സി, ഇംഗ്ലീഷ് പ്ലസ് വൺ ഗണിതം പരീക്ഷകളുടെ അർദ്ധവാർഷിക പരീക്ഷാപേപ്പർ യൂട്യൂബ് ചാനൽ വഴി ചോർന്നതുമായി ബന്ധപ്പെട്ട വിഷയം ഗൗരവമായി കാണുന്നതായും വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്നും മന്ത്രി വി ശിവൻകുട്ടി. കുട്ടികളുടെ പരീക്ഷയുമായി

ബന്ധപ്പെട്ട് യാതൊരു വിട്ടുവീഴ്ചയും പൊതു വിദ്യാഭ്യാസ വകുപ് കൈക്കൊള്ളുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്..)

പൊതുവിദ്യാഭ്യാസ മേഖലയോടുള്ള വെല്ലുവിളിയാണ് ഇതെന്നും മന്ത്രി പറഞ്ഞു. വിഷയത്തിൽ മന്ത്രി വി ശിവൻകുട്ടിയുടെ അധ്യക്ഷ തയിൽ ഉന്നതതല യോഗം ചേരും.

******************************

പാലക്കാട് - കെ.ബി ഗണേഷ് കുമാർ

പാലക്കാട് നാല് വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ അപകട സ്ഥലം മന്ത്രി കെ.ബി.ഗണേഷ്കുമാർ ഇന്ന് സന്ദർശിക്കും. ജില്ലാ പോലീസ് മേധാവി, ആർ.ടി.ഒ, പൊതുമരാമത്ത്, ദേശീയ പാതാവിഭാഗം ഉദ്യോഗസ്ഥരുടെ സംഘവും ഇന്ന് വൈകുന്നേരം സംയുക്ത സുരക്ഷാ പരിശോധന നടത്തും. അതിനിടെ റോഡ് നിർമാണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് ലീഗ് പ്രവർത്തകർ പ്രദേശത്ത് ദേശീയ പാത ഉപരോധിച്ചു.

RNU TVPM

******************************

വി എസ് സുനിൽകുമാർ

തൃശൂർ പൂരം അലങ്കോലപ്പെട്ട വിഷയത്തിൽ ഇന്ന് പോലീസ്, മുൻ മന്ത്രി വി എസ് സുനിൽകുമാറിൻറെ മൊഴി എടുത്തു. നടപടി സ്വാഗതാർഹം എന്നും പൂരം അട്ടിമറിക്കാൻ രാഷ്ട്രീയ ഗൂഢാലോചന ഉണ്ടായിട്ടുണ്ട് എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നതായും ശ്രീ.സുനിൽകുമാർ മാധ്യമങ്ങളോട് പ്രതികരിച്ചു.

******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത "എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*******************************

## കരോൾ സന്ധ്യ

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ശാന്തിഗീതം കരോൾ സന്ധ്യ സംഘടിപ്പിക്കും.
വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ ഹാളിലാണ് പരിപാടി.

RNU TVPM

*******************************

## പന്നിപ്പനി .......... ഇൻട്രോ

ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച കോട്ടയം ജില്ലയിലെ കൂട്ടിക്കൽ വാഴൂർ മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. സമീപ പ്രദേശങ്ങളിൽ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു........**

(വോയ്സ്)

*******************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- മോഹൻ ബഗാനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്തയിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ ബംഗളൂരു എഫ് സി - എഫ് സി ഗോവയുമായി ഏറ്റുമുട്ടും.

*****************************

## സന്തോഷ് ട്രോഫി

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഫൈനൽ റൗണ്ട് മത്സരങ്ങൾക്ക് ഹൈദരബാദിൽ തുടക്കം. ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ സർവീസസ്സിനെ മണിപ്പൂർ 1-0 ന് പരാജയപ്പെടുത്തി. ഗ്രൂപ്പ് എ യിൽ ഇന്ന് രണ്ട് മത്സരങ്ങളാണുള്ളത്. നാളെ ഗ്രൂപ്പ് ബി യിൽ കേരളം ആദ്യ മത്സരത്തിൽ ഗോവയെ നേരിടും.

*****************************

RNU TVPM

## ശബരിമല

ശബരിമല സന്നിധാനത്ത് രാവിലെ 11 വരെയുള്ള കണക്കുപ്രകാരം ദർശനം നടത്തിയത് 40,721 തീർഥാടകർ. 10,286 പേർ തത്സമയ ബുക്കിംഗ് വഴിയും ദർശനം നടത്തി. കനത്ത മഴയെ അവഗണിച്ചും തൃക്കാർത്തിക ദിവസമായിരുന്ന ഇന്നലെ 83,520 പേരാണ് ദർശനം നടത്തിയത്. പമ്പവഴി 81,258 പേരും പുല്ലുമേടുവഴി 2,262 പേരും ദർശനം നടത്തി. പ്രതികൂലകാലാവസ്ഥയിലും ഇന്നലെ 4,246 കുട്ടികളും ദർശനം നടത്തി.

*****************************

## അച്ചൻകോവിൽ

കേരളത്തിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അച്ചൻകോവിൽ നദിയിൽ ജലനിരപ്പ് അപകടകരമായി തുടരുന്നതിനാൽ നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് മുന്നറിയിപ്പ്. സംസ്ഥാന ജലസേചന വകുപ്പിൻ്റെ കല്ലേലി, കോന്നി GD സ്റ്റേഷനുകളിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയ്യാറാവണമെന്നും നിർദേശം.

*******************************

## ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്

ഈ മാസം 27, 28, 29 തീയതികളിൽ നടക്കുന്ന ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നാലാം സീസണിൻ്റെ ഭാഗമായുള്ള പ്രീ ഇവൻ്റുകൾക്ക് കോഴിക്കോട് ബീച്ചിൽ തുടക്കമായി. നാളെ നടക്കുന്ന വോളിബോൾ മത്സരം അഹമ്മദ് ദേവർകോവിൽ എംഎൽഎ ഉദ്ഘാടനം ചെയ്യും. റഗ്ബി മത്സരം 18ന് കോഴിക്കോട് ബീച്ചിലും ഫുട്ബോൾ മത്സരം 20ന് ബേപ്പൂർ ബീച്ചിലും നടക്കും.

*********************************************************************************************

***************************************

RNUTVPM